**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3527** | **05-08-2021 - ൽ മറുപടിയ്ക്ക്**

**ഇലക്ട്രോണിക് പഠനോപകരണങ്ങളുടെ വിതരണം**

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** |
| (എ) വിദ്യാർത്ഥികൾക്ക് ഇലക്ട്രോണിക് പഠനോപകരണങ്ങൾ ലഭ്യമാക്കുന്നതിന് കെ. എസ്. എഫ്. ഇ. യുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന സഹായങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; | (എ) കോവിഡ് 19 സാഹചര്യം പരിഗണിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും, വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് കെ.എസ്.എഫ്.ഇ ഓൺലൈൻ വിദ്യാസഹായി സ്കീം (OVS) എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിരുന്നു. ആയത് പ്രകാരം ലൈബ്രറികൾ, അംഗൻവാടികൾ, ക്ലബ്ബുകൾ തുടങ്ങിയ കേന്ദ്രങ്ങളിൽ വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനാവശ്യത്തിനായി ടിവി വാങ്ങുന്നതിനു സഹായം നൽകിയിരുന്നു. ടി വി സെറ്റിന്റെ വിലയുടെ 75% തുക അല്ലെങ്കിൽ പരമാവധി 10,000/- രൂപ ഏതാണോ കുറവ് അത് എന്ന നിലയിൽ 5980 ടി വി വാങ്ങുന്നതിനായി ഇതുവരെ 5,59,69,445/- രൂപ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. കുടുംബശ്രീ, കേരള ഐ.ടി മിഷൻ എന്നിവരുമായി കൂടി ചേർന്ന് കെ.എസ്.എഫ്.ഇ നടപ്പാക്കിയ "കെ.എസ്.എഫ്.ഇ വിദ്യാശ്രീ പദ്ധതി" പ്രകാരം കുടുംബശ്രീ അംഗങ്ങളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ഓൺലൈൻ പഠനാവശ്യത്തിനുള്ള COCONICS, ACER, LENOVO, HP എന്നീ നാല് കമ്പനികളുടെ ലാപ്ടോപ്പുകളിൽ LENOVO ഒഴിച്ചുള്ള കമ്പനികളുടെ ലാപ്ടോപ്പുകൾ വിതരണം ചെയ്യുന്നുണ്ട്. LENOVO കമ്പനിയുടെ ലാപ്ടോപ്പുകൾ കമ്പനി സപ്ലൈ ചെയ്യുന്ന മുറയ്ക്ക് ഗുണഭോക്താക്കൾക്ക് അനുവദിച്ചുവരുന്നു. |
| (ബി) പ്രസ്തുത സഹായങ്ങൾ നിർധനരായ വിദ്യാർത്ഥികൾക്ക് ഏത് തരത്തിൽ പ്രയോജനപ്പെടുന്നുണ്ടെന്ന് വ്യക്തമാക്കാമോ; ഇത്തരം വിദ്യാർത്ഥികൾക്ക് പ്രത്യേക ഇളവുകൾ നിലവിലുണ്ടോയെന്ന് അറിയിക്കാമോ? | (ബി) ലാപ്ടോപ്പ് സ്വീകരിക്കുന്ന അംഗങ്ങൾക്ക് ഈ പദ്ധതി പ്രകാരം താഴെ പറയുന്ന ആനുകൂല്യങ്ങൾ അനുവദിക്കുന്നുണ്ട്. 1. ഈ പദ്ധതിയുടെ മൊത്തം പലിശനിരക്ക് 9% ആണെങ്കിലും 5% സർക്കാരും 4% കെ.എസ്.എഫ്.ഇ യും വഹിക്കുന്നതാണ്. ആയതിനാൽ ഗുണഭോക്താക്കൾ പലിശയിനത്തിൽ ഒന്നും തന്നെ അടക്കേണ്ടതില്ല. 2. ലാപ്ടോപ്പ് വിലയുടെ 50% (പരാമാവധി 7,500/- രൂപ) |

ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. 3. ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾ നൽകുന്ന സബ്സിഡി തുകയും (ലാപ്ടോപ്പ് വിലയുടെ 25% പരമാവധി 3,750/- രൂപ) അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. 4. പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾ, മത്സ്യബന്ധന കുടുംബങ്ങൾ, അന്ത്യോദയ കുടുംബങ്ങൾ അതുപോലെ അർഹരായവർ എന്നിവർക്ക് വിവിധ സബ്സിഡി ലഭിക്കുന്ന മുറയ്ക്ക് ടി ആനുകൂല്യം അനുവദിക്കുന്നതാണ്. 5. ലാപ് ടോപ്പുകൾ ലഭിക്കുന്നതിൽ കാലതാമസം നേരിടുകയും കമ്പനികൾ തങ്ങളുടെ കരാറിൽ നിന്നും പിന്നോട്ട് പോകുകയും ചെയ്ത സാഹചര്യത്തിലും, 15,000/- രൂപയ്ക്ക് ലാപ് ടോപ്പ് ലഭിക്കേണ്ട വിദ്യാശ്രീ പദ്ധതിയിൽ ചേർന്നിട്ടുള്ള ഗുണഭോക്താക്കൾക്ക് മാർക്കറ്റിൽ നിന്ന് ലാപ്പ് ടോപ്പോ, ടാബ് ലെറ്റോ വാങ്ങി ആയതിന്റെ ഇൻവോയ്സ്/ ബിൽ സമർപ്പിക്കുന്ന മുറയ്ക്ക് പരമാവധി 20,000/- രൂപ വരെ കെ.എസ്.എഫ്.ഇ വായ്പയായി നൽകുന്നതാണ്. നിലവിൽ 15,000/- രൂപയുടെ 500/- രൂപ 30 മാസതവണകളായി അടയ്ക്കേണ്ട ചിട്ടി 20,000/- രൂപയുടെ 500/- രൂപ 40 മാസ തവണകളായി അടച്ചുതീർക്കുന്ന ചിട്ടിയായി പുന:ക്രമീകരണം ചെയ്യാൻ തീരുമാനിച്ചു.

സെക്ഷൻ ഓഫീസർ